# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2731 | 17.10.2016 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അനിൽ അക്കര | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് 25-5-2016 മുതൽ 30-9-2016 വരെ എത്ര കൊലപാതകങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് 25-5-2016 മുതൽ 30-9-2016 വരെ 110 കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ കൊല്ലപ്പെട്ട സ്ത്രീകളുടെയും, കുട്ടികളുടെയും എണ്ണമെത്ര; | (ബി) | ഈ കാലയളവിൽ 25 സ്ത്രീകളും (പെൺകുട്ടികൾ ഒഴികെ) 15 കുട്ടികളും കൊല്ലപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ സ്ത്രീകൾ കൊല്ലപ്പെട്ട എത്ര കേസുകളിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർ ഇൻക്വസ്റ്റ് നടത്തിയിട്ടുണ്ട്; | (സി) | പ്രസ്തുത കാലയളവിൽ സ്ത്രീകൾ കൊല്ലപ്പെട്ട 3 കേസുകളിൽ (തൃശ്ശൂർ സിറ്റി-2, കാസർഗോഡ്-1) എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർ ഇൻക്വസ്റ്റ് നടത്തിയിട്ടുണ്ട്. |
| (ഡി) | സൗമ്യ വധക്കേസിൽ ഇൻക്വസ്റ്റ് നടത്തിയത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ആയിരുന്നുവോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) | സൗമ്യ വധക്കേസിൽ ഇൻക്വസ്റ്റ് നടത്തിയത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ആയിരുന്നില്ല. |

സെക്ഷൻ ഓഫീസർ.